# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3381

23-06-2014 ൽ മറുപടിക്ക്

### കമ്പംമെട്ട്-കട്ടപ്പന റോഡിൽ ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് വകുപ്പിൻകീഴിലുള്ള കമ്പംമെട്ട്-നെടുംകണ്ടം റോഡിലുള്ള ചെക്ക്പോസ്റ്റിനു പുറമെ കമ്പംമെട്ട് -കട്ടപ്പന റോഡിൽ അനധികൃതമായി ചെക്ക്പോസ്റ്റ് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ ; | എ) തമിഴ്നാട്ടിൽ നിന്നും കമ്പംമെട്ട് വഴി കേരളത്തിലേയ്ക്കുള്ള അന്തർസംസ്ഥാന പാത കമ്പംമെട്ട കേരള ഫോറസ്റ്റ് ചെക്ക്പോസ്റ്റിന്റെ സമീപത്തുനിന്നും രണ്ടായി തിരിഞ്ഞ്, ഒരു വഴി നെടുങ്കണ്ടത്തിനും മറ്റൊരു വഴി കട്ടപ്പന ഭാഗത്തേയ്ക്കും പോകുന്നു. കമ്പംമെട്ട് എക്സൈസ് ചെക്ക് പോസ്റ്റ് സ്ഥിതിചെയ്യുന്നത് കമ്പംമെട്ട് -നെടുങ്കണ്ടം റോഡിലാണ്. എന്നാൽ ഭൂരിഭാഗം വാഹനങ്ങളും കടന്നുപോകുന്നത് കമ്പംമെട്ട് -കട്ടപ്പന റോഡിലൂടെയാണ്. ടി ചെക്ക്പോസ്റ്റിൽ നിന്നും ഉദ്ദേശം 75 മീറ്റർ മാറി ടി എക്സൈസ് ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥർ കമ്പംമെട്ട് -കട്ടപ്പന റോഡിലും വാഹന പരിശോധന നടത്തുന്നുണ്ട്. ഇപ്രകാരം വാഹന പരിശോധന നടത്തുന്നതിനാൽ തമിഴ്നാട്ടിൽ നിന്നും വരുന്ന എല്ലാ വാഹനങ്ങളും പരിശോധനയ്ക്ക് വിധേയമാക്കാൻ കഴിയുന്നുണ്ട്. 01-04-1996 മുതൽ ടി റോഡിൽ ടി ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥർ വാഹന പരിശോധന നടത്തുന്നുണ്ട്. |
| ബി) ഭൂരിപക്ഷം വാഹനങ്ങളും കമ്പംമെട്ട്-കട്ടപ്പന റൂട്ടിലൂടെ പോകുമ്പോൾ കമ്പംമെട്ട്-നെടുംകണ്ടം റോഡിലുള്ള ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം കൊണ്ടുള്ള പ്രയോജനം ഭാഗികമാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഭൂരിപക്ഷം വാഹനങ്ങളും കമ്പംമെട്ട്-കട്ടപ്പന റൂട്ടിലൂടെയാണ് പോകുന്നത് എന്നതിനാൽ ടി റൂട്ടിലും ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥർ വാഹന പരിശോധന നടത്തുന്നുണ്ട്. കമ്പംമെട്ട്-നെടുങ്കണ്ടം റൂട്ടിൽകൂടി വരുന്ന വാഹനങ്ങളെല്ലാം തന്നെ ടി ചെക്ക് പോസ്റ്റിലെ പരിശോധനയ്ക്ക് ശേഷമാണ് കടത്തിവിടുന്നത്. |

സി) ഭൂരിപക്ഷം വാഹനങ്ങളും കടന്നു പോകുന്ന കമ്പംമെട്ട്-കട്ടപ്പന റോഡിൽക്കൂടി ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ?

സി) ഭൂരിഭാഗം വാഹനങ്ങളും കടന്നുപോകുന്ന കമ്പംമെട്ട്-കട്ടപ്പന റോഡിലും കമ്പംമെട്ട്-നെടുങ്കണ്ടം റോഡിലുള്ള ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥർ തന്നെയാണ് വാഹനപരിശോധന നടത്തുന്നത്. വാഹനപരിശോധന കൂടുതൽ ഫലപ്രദമായി നടത്തുവാൻ കമ്പംമെട്ട്-കട്ടപ്പന റോഡിൽ പ്രത്യേകമായി ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ